"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-2016-17 മുതൽ 2019-20 വരെയുള്ള വസ്തു നികുതി പിരിച്ചെടുക്കുന്നത് ഒഴിവാക്കാനുള്ള മണ്ണാർക്കാട് നഗരസഭയുടെ തീരുമാനം റദ്ദ് ചെയ്ത് - ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.865/2024/LSGD തീയതി,തിരുവനന്തപുരം, 18-05-2024

---

പരാമർശം:- 1. മണ്ണാർക്കാട് നഗരസഭാ കൗൺസിലിന്റെ 16.09.2023-ലെ തീരുമാനം നം. 17.

2. മണ്ണാർക്കാട് നഗരസഭാ കൗൺസിലിന്റെ 04.10.2023-ലെ തീരുമാനം. നം. 1.

3. 18.10.2023-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/59104/23-REV2 നമ്പർ കത്ത്.

**ഉത്തരവ്**

മണ്ണാർക്കാട് നഗരസഭയിലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി 2016/17 മുതൽ 2019/20 വരെയുള്ള 4 വർഷത്തെ വസ്തുനികുതി കുടിശ്ശിക ഒഴിവാക്കുന്നതിനും, 2020/21 മുതൽ 2022/23 വരെയുള്ള 3 വർഷത്തെ കുടിശ്ശിക മാത്രം പിരിച്ചെടുക്കുന്നതിനും പരാമർശം (1) പ്രകാരം നഗരസഭാ കൗൺസിൽ തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാനത്തിനെതിരെ നഗരസഭാ സെക്രട്ടറി സമർപ്പിച്ച വിയോജനക്കുറിപ്പ് പരിഗണിച്ച കൗൺസിൽ, തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നതായി പരാമർശം (2) പ്രകാരം തീരുമാനമെടുത്തു. നഗരസഭാ സെക്രട്ടറിയുടെ വിയോജനക്കുറിപ്പ് തുടർനടപടികൾക്കായി പരാമർശം (3) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിലേക്ക് അയച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പാലിറ്റി ആക്ടിലെ "നികുതി ചുമത്തലും ധനകാര്യവും" സംബന്ധിക്കുന്ന അധ്യായം XIV സെക്ഷൻ 231 (3) പ്രകാരം - "

നിലവിലുള്ള ഏതെങ്കിലും നികുതി നിർത്തലാക്കുന്നതിനോ, ഈടാക്കിക്കൊണ്ടിരിക്കുന്ന നികുതി നിരക്ക് കുറക്കുന്നതിനോ ഉള്ള ഏതൊരു പ്രമേയവും ഉടൻ തന്നെ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, സർക്കാരിന്റെ അനുമതി കൂടാതെ അത് നടപ്പിലാക്കാൻ പാടില്ലാത്തതുമാകുന്നു" എന്ന് വ്യക്തമായി നിർവചിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ 2016-17 മുതൽ 2019-20 വരെയുള്ള വസ്തു നികുതി പിരിച്ചെടുക്കുന്നത് ഒഴിവാക്കാനുള്ള മണ്ണാർക്കാട് നഗരസഭയുടെ തീരുമാനം 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 231(3) പ്രകാരമുള്ളതല്ലാത്തതിനാൽ ആയത് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീതാലക്ഷ്മി എം ബി
അഡിഷണൽ സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. സെക്രട്ടറി, മണ്ണാർക്കാട് മുനിസിപ്പാലിറ്റി.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
6. ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ).
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർ സി 2/636/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Pradeesh M.
Date: 18-05-2024 11:44:02